# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 580** **28.02.2017- ൽ മറുപടിക്ക്**

### കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ്** | **ശ്രീ.എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) വൈദ്യുതിക്കുടിശ്ശികയുടെ പേരിൽ അടച്ചു പൂട്ടിയ കോട്ടയം ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) കോട്ടയം ടെക്സ്റ്റൈൽസിലെ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് 10.01.2017 ന് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിലെ തീരുമാനപ്രകാരം 17.02.2017 ന്, കോട്ടയം ടെക്സ്റ്റൈൽസിലെ വിച്ഛേദിച്ച വൈദ്യുതി ബന്ധം പുന:സ്ഥാപിക്കുകയും 2017 ഫെബ്രുവരി 20 മുതൽ മിൽ വീണ്ടും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. |
| (ബി) കഴിഞ്ഞ അഞ്ച് മാസമായി അടഞ്ഞു കിടക്കുന്ന കോട്ടയം ടെക്സ്റ്റയിൽസിലെ തൊഴിലാളികളുടെയും അവരുടെ കുടുംബങ്ങളുടെയും പട്ടിണി മാറ്റുവാൻ സൗജന്യ റേഷനും ധനസഹായവും നൽകുന്ന കാര്യം ഗൗരവമായി പരിശോധിക്കുമോ; | (ബി) കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നതിനാൽ 2016 സെപ്റ്റംബർ മാസത്തെ ശമ്പളവും, 2016 ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി 2017 മാസങ്ങളിലെ ലേ-ഓഫ് വേതനവും കുടിശ്ശികയായി. സർക്കാരിൽ നിന്നുമുള്ള ധനസഹായത്തെ തുടർന്ന് 2016 സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ശമ്പളം/ലേ-ഓഫ് വേതനം ഉൾപ്പെടെയുള്ള തുകയുടെ 50% എന്നിവ നൽകുവാൻ നടപടിയെടുത്തിട്ടുണ്ട്. സൗജന്യറേഷനും ധനസഹായവും നൽകുന്ന കാര്യം പരിഗണനയിലില്ല. |
| (സി) കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വ്യവസായവകുപ്പും വൈദ്യുതിവകുപ്പും ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയിൽ എത്തിച്ച് അടിയന്തിര തീരുമാനം എടുക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് വ്യവസായ വകുപ്പും വൈദ്യുതിവകുപ്പും തമ്മിൽ 10.01.2017 തീയതിയിലുണ്ടായ യോഗത്തിലെ തീരുമാന പ്രകാരം മില്ലുകളുടെ 2017 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ വൈദ്യുതി ബിൽ 2017 മാർച്ച് മാസം അടക്കുവാനുള്ള സാവകാശവും, നിലവിലുള്ള കുടിശ്ശിക 2017 ജൂൺ മുതൽ 12 തവണകളായി അടക്കുന്നതിനുള്ള സാവകാശവും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ